മെത്രാപ്പോലീത്തായുടെ കത്ത്

ഡോ. ഡി. ബാബു പോൾ: ചില മായാത്ത ഓർമ്മകൾ

എന്നെക്കാൾ പത്തുവയസ്സിനു മേൽ പ്രായക്കൂടുതൽ ഉണ്ടായിരുന്ന ഡി.ബാബുപോളിനെ ഒരിക്കലും ഞാൻ എന്റെ മെത്രാൻ പദവി വച്ച് പേരു വിളിച്ചിട്ടില്ല. ഉയർന്ന ഒരു ബ്യൂറോക്രാറ്റ് ആയിരുന്നതിന്റെ പേരിൽ 'സർ' എന്ന് സംബോധന ചെയ്തിട്ടുമില്ല. പരിചയപ്പെട്ട നാൾ മുതൽ ഞാൻ അദ്ദേഹത്തെ 'അങ്കിൾ' എന്നാണ് വിളിച്ചിരുന്നത്. എന്നിരുന്നാലും ഒരു പ്രസിദ്ധീകരണത്തിൽ അദ്ദേഹത്തെപറ്റിയുള്ള ഓർമ്മകൾ കുറിക്കുമ്പോൾ ഞാൻ വിളിച്ചിരുന്ന ആ പദം ഉപയോഗിക്കുന്നില്ല. അദ്ദേഹത്തിന്റെ പേരുതന്നെ ചേർക്കുവാനുള്ള സ്വാതന്ത്ര്യം എടുക്കുകയാണ്. ബാബുപോളിനെ സംബന്ധിച്ച വ്യക്തിപരമായ ചില ഓർമ്മകൾ മാത്രമേ ഈ കത്തിൽ ഉൾപ്പെടുത്തുന്നുള്ളൂ.

ബാബുപോൾ രോഗമൂർച്ഛയിലെത്തിയതും ഭൗതിക ജീവിതത്തിൽ നിന്നും വിരമിച്ചതും ആകസ്മികമായിട്ടായിരുന്നു. ഞാൻ രോഗവിവരം അറിഞ്ഞപ്പോൾ തന്നെ അദ്ദേഹം തിരുവനന്തപുരത്ത് ഒരു സ്വകാര്യ ആശുപത്രിയുടെ തീവ്ര പരിചരണ മുറിയിൽ അബോധാവസ്ഥയിൽ എത്തിയിരുന്നു. അതുകൊണ്ട് മരണത്തിനു മുമ്പ് ഒന്നു കാണുവാനോ, ഒരു വാക്ക് സംസാരിക്കുന്നതിനൊ നിർഭാഗ്യവശാൽ എനിക്ക് അവസരം കിട്ടിയില്ല. രോഗവിവരം ഞാൻ അറിഞ്ഞ ദിവസം തന്നെ രാത്രിയിൽ അദ്ദേഹത്തിന്റെ ജീവാത്മാവ് ശരീരത്തോട് വിട പറഞ്ഞു. അദ്ദേഹത്തിന്റെ സഹോദരൻ റോയി പോളിൽ നിന്ന് മരണവാർത്ത അറിയിച്ചുകൊണ്ടുള്ള സന്ദേശം രാത്രി 12.37 തൊട്ട് എന്റെ ടെലിഫോണിൽ എന്റെ ശ്രദ്ധ കാത്തു കിടക്കുന്നുണ്ടായിരുന്നു. രാവിലെ തന്നെ ഞാൻ തിരുവനന്തപുരത്തിനു പുറപ്പെടാൻ ഒരുങ്ങുന്നതിനിടയിൽ റോയി പോളിന്റെ ടെലിഫോൺ വിളി വീണ്ടുമെത്തി. ശവസംസ്കാരശുശ്രൂഷകൾ നടക്കുന്നത് ജന്മദേശമായ കുറുപ്പംപടിയിലാണെന്നും അവിടെ എന്റെ സാന്നിദ്ധ്യം ഉണ്ടാകണമെന്നും ഒരു ശുശ്രൂഷ നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു അത്.

ഏകദേശം രണ്ടു മാസം മുമ്പായിരുന്നു അദ്ദേഹത്തിന്റെ വസതിയിൽ ഞാൻ അദ്ദേഹത്തെ അവസാനമായി സന്ദർശിച്ചത്. ശരീരം തടിച്ചതിന്റെ അസ്വസ്തതകൾ അല്ലാതെ മരണം അടുത്തെത്തിയതിന്റെ യാതൊരു ലക്ഷണവും സംസാരത്തിലും ചലനത്തിലും അന്നു കണ്ടില്ല. ഒരു സൂചനയും നൽകാതെയുള്ള അദ്ദേഹത്തിന്റെ ദേഹവിയോഗവാർത്ത വിശ്വസിക്കാൻ തന്നെ എനിക്കു പ്രയാസമായിരുന്നു. കുറുപ്പുംപടിയിലെ വീട്ടിലെത്തിയപ്പോൾ മുഖച്ഛായ പോലും പാടെ മാറിയ അദ്ദേഹത്തിന്റെ മൃതശരീരമാണ് ഞാൻ കണ്ടത്. മറ്റു മേൽപ്പട്ടക്കാർ ശുശ്രൂഷയ്ക്കുള്ള അവരുടെ ഊഴംകാത്ത് നിന്നിരുന്നതിനാൽ മരണാനന്തര ശുശ്രൂഷയുടെ ഒരു ക്രമം ഹ്രസ്വമായി നിർവ്വഹിച്ച് ചുരുക്കം വാക്കുകളിൽ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ച് പരേതാത്മാവിന് നിത്യശാന്തി നേർന്ന് ഞാൻ മടങ്ങിപ്പോന്നു. മരവിച്ച മനസ്സും ശൂന്യമായ മസ്തിഷ്കവുമായിട്ടായിരുന്നു എന്റെ മടക്കയാത്ര.

എന്നെ സംബന്ധിച്ചിടത്തോളം ദീർഘകാലത്തെ ഊഷ്മളമായ ഒരു സൗഹൃദബന്ധമാണ് അദ്ദേഹത്തിന്റെ വിയോഗത്തോടെ നഷ്ടപ്പെട്ടത്. എന്നെ വ്യക്തിപരമായി ഏറെ കരുതുകയും സ്നേഹിക്കുകയും ചെയ്ത മനുഷ്യനായിരുന്നു ബാബു പോൾ. 29 വർഷങ്ങൾക്കു മുമ്പ് മുവാറ്റുപുഴ അരമനാങ്കണത്തിൽ വച്ച് എന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ പങ്കെടുത്തതുമുതൽ ആരംഭിച്ചതായിരുന്നു ആ ബന്ധം. സ്ഥാനാരോഹണത്തെ തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മറ്റു വിശിഷ്ടാതിഥികൾക്കൊപ്പം അദ്ദേഹവും നവാഭിഷിക്തനായ മെത്രാപ്പോലീത്തായുടെ തുടർ ശുശ്രൂഷകൾക്ക് വിജയാശംസകൾ നേർന്നു. മലങ്കരസഭയിലെ പാത്രിയർക്കീസ് വിഭാഗത്തിന് ആ മെത്രാഭിഷേകം ഒരു പുതുയുഗപ്പിറവിയായി ഭവിക്കട്ടെ എന്നദ്ദേഹം പ്രാർത്ഥിച്ചു. ആ കാലയളവിൽ പാത്രിയർക്കീസ് കക്ഷിയിൽ രൂക്ഷമായിക്കൊണ്ടിരുന്ന ആഭ്യന്തര കലഹവും അന്തഃഛിദ്രവും അദ്ദേഹത്തിന്റെ മനസ്സ് മടുപ്പിച്ചതിന്റെ പ്രതിഫലനമായിരുന്നു ആ സഭാസ്നേഹിയുടെ വാക്കുകളിൽ പ്രകടമായ നൊമ്പരവും പ്രത്യാശയും. ഞങ്ങൾ രണ്ടുപേരുടേയും വൈദികരായിരുന്ന പിതാക്കന്മാർ തമ്മിൽ സാമാന്യം നല്ല അടുപ്പം ഉണ്ടായിരുന്നു. എന്നാൽ ഞങ്ങൾ തമ്മിൽ ആദ്യമായി നേരിൽ കാണുന്നതും സംസാരിക്കുന്നതും എന്റെ മെത്രാൻ സ്ഥാനാരോഹണവേളയിലായിരുന്നു.

അധിക നാളുകൾ കഴിയുന്നതിനു മുമ്പ് കുറുപ്പംപടി സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാനാർപ്പണത്തിനുള്ള ഒരവസരം എനിക്കു ലഭിച്ചു. ആ പള്ളിയിലെ പെരുന്നാൾ ആയിരുന്നു എന്നാണ് എന്റെ ഓർമ്മ. വി. മദ്ബഹായിൽ ശുശ്രൂഷകനായി ബാബുപോളും ഉണ്ടായിരുന്നു. പരി. പാത്രിയർക്കീസ് ബാവ നൽകിയ സചിത്ര ബഹുമതിചക്രം ശുശ്രൂഷക്കുപ്പായത്തിനു പുറമെ അണിഞ്ഞ് ആകാര സൗഷ്ഠവവും കുലീനതയും ഗാംഭീര്യവും ഒത്തിണങ്ങിയ ആ വലിയ മനുഷ്യന്റെ ചിത്രം ഇന്നും എന്റെ മനസ്സിൽ മങ്ങൽ ഏൽക്കാതെ തെളിഞ്ഞു നില്ക്കുന്നു. വി. കുർബ്ബാന കഴിഞ്ഞ് പ്രഭാത ഭക്ഷണ സമയത്ത് പലതും സംസാരിച്ചിരിക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു. ''ഒരു മെത്രാച്ചൻ തിരുവചന ശുശ്രൂഷ ഭംഗിയായി നടത്തുന്നതു കേട്ടിട്ട് ഏറെ നാളുകളായിരുന്നു. ഇന്നത് സാധിച്ചു.'' എന്നെ ഒന്നു പ്രോത്സാഹിപ്പിക്കുന്നതിന് അദ്ദേഹം പറഞ്ഞതായിരിക്കും. എന്തായിരുന്നാലും അത്യാവശ്യ ഒരുക്കത്തോടെ മാത്രം വചന ശുശ്രൂഷ നടത്തുവാൻ പ്രേരണ നൽകിയ ആ വാക്കുകൾ ഇന്നും എന്റെ മനസ്സിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ മേൽപ്പട്ട സ്ഥാനമേറ്റതിന് ഒന്നു രണ്ടു വർഷം മുമ്പ് തന്നെ പാത്രിയർക്കീസ് പക്ഷത്തെ ഏതാനും മെത്രാന്മാർ അന്നത്തെ ശ്രേഷ്ഠകാതോലിക്കാ ബാവയ്ക്കെതിരെ കലഹക്കൊടി ഉയർത്തി സഭാന്തരീക്ഷം കലുഷിതമാക്കിക്കൊണ്ടിരുന്നു. ദിവന്നാസ്യോസ് മെത്രാച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ അരങ്ങേറിയ ഈ കലക്കൽ പ്രക്രിയയ്ക്ക് തടയിടാൻ ബാബുപോളിന് പ.പാത്രിയർക്കീസ് ബാവയുമായുണ്ടായിരുന്ന അടുപ്പം ഉപയോഗപ്പെടുത്തിയില്ല എന്നതായിരുന്നു എന്റെ ആക്ഷേപം. അതുകൊണ്ട് ഈ ആഭ്യന്തര സംഘർഷത്തിൽ മനസ്സുമടുത്ത് ഞാൻ ഡയോസിസൻ ബുള്ളറ്റിനിൽ 'സഭയുടെ ഘടന മാറണം' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനപരമ്പരയിൽ ബാബുപോളിനെയും കണക്കിനു പരിഹസിച്ചു. അതുകൊണ്ടായിരിക്കണം അദ്ദേഹം തന്റെ ഒരു ലേഖനത്തിൽ ഇപ്രകാരം എഴുതിയത് 'തൂമ്പയെ തൂമ്പയെന്നു വിളിക്കുവാൻ തിരുമേനിക്കുള്ള ചങ്കൂറ്റം എന്റെ സത്യവാങ്മൂലം കൊണ്ട് സ്ഥാപിക്കേണ്ടതല്ല. തൂമ്പയെന്നു തിരുമേനി സങ്കല്പിക്കുന്നതിനെയും കയറി തൂമ്പയെന്നു വിളിച്ചുകളുയും എന്നുകൂടി ചേർക്കാതിരിക്കാൻ എനിക്കു കഴിയുകയില്ല.' അദ്ദേഹത്തെ പ്രതിസ്ഥാനത്തു നിർത്തി കടന്നാക്രമിച്ചത് മനസ്സിൽ നിന്ന് മായാത്തതിനാലുണ്ടായ അദ്ദേഹത്തിന്റെ പ്രതികരണം ആയിരുന്നിരിക്കാം ഇത്. ഇതൊക്കെയാണെങ്കിലും എന്റെ അപക്വമായ ആ വിമർശനത്തിൽ അദ്ദേഹം പ്രകോപിതനായില്ല. ആരോടോ അദ്ദേഹം ഈ സംഭവവുമായി ബന്ധിച്ചു പറഞ്ഞു: ''ഞാൻ കളക്ടറായിരുന്ന കാലത്ത് വള്ളിനിക്കർ പ്രായക്കാരനായിരുന്ന തിരുമേനി അവിവേകം പറഞ്ഞാലും അതു ക്ഷമിക്കാനുള്ള സ്നേഹവും സന്മനസ്സും എനിക്കുണ്ട്.'' അദ്ദേഹത്തിന് എന്റെ പേർക്കുണ്ടായിരുന്ന നിരുപാധിക സ്നേഹമായിരുന്നു ഞങ്ങളുടെ സൗഹൃദത്തെ എന്നും നിലനിർത്തിയത്.

1995-ൽ സഭാക്കേസിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിക്കുശേഷം സമാധാന ആലോചനയ്ക്കായി ചേർന്ന നേതൃയോഗത്തിൽ ഞാൻ പ്രകടിപ്പിച്ച എന്തോ ഒരഭിപ്രായം ബാബുപോളിനെ ചൊടിപ്പിച്ചു. വാസ്തവത്തിൽ എന്റേത് ബാബുപോളിന് എതിരെയുള്ള വിമർശനമൊന്നുമായിരുന്നില്ല. എങ്കിലും അദ്ദേഹം എന്നെ പരസ്യമായി കുറ്റപ്പെടുത്തി. ഞാൻ അതിനു മറുപടി പറഞ്ഞില്ല. സഭാപരമായ അഭിപ്രായപ്രകടനത്തിന് വ്യക്തിപരമായ ആക്ഷേപം മറുപടിയല്ലല്ലോ. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിയത് തുടർന്ന് നടന്ന കാര്യമാണ്. അത്തരത്തിലുള്ള ഒരു പ്രതികരണം തന്നിൽ നിന്ന് ഉണ്ടായതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം എനിക്കു കത്തയച്ചു. ആ കത്തിന്റെ കോപ്പി ആ യോഗത്തിൽ പങ്കെടുത്ത സകലർക്കും പോയി. അതാണ് ബാബുപോളിന്റെ നന്മയും വീണ്ടുവിചാരവും. അക്കാര്യം അനുസ്മരിച്ച് അദ്ദേഹം പിന്നീടൊരു ലേഖനമെഴുതി. ''തിരുമേനി എന്നെ വരമൊഴിയിൽ പരിഹസിച്ചിട്ടുണ്ട്. (സഭയുടെ ഘടനമാറണം എന്ന ലേഖന പരമ്പര സൂചകം) ഞാൻ തിരുമേനിയെ വായ്മൊഴിയിലും ആക്ഷേപിച്ചിട്ടുണ്ട്. അത് വേറെ.'' അവിടെ പറയുന്ന 'അതു വേറെ' പ്രയോഗം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതായത് ഞങ്ങൾ തമ്മിൽ ഇങ്ങനെയൊക്കെ ഉണ്ടായെന്നു വരും. എന്നാൽ അത് ഞങ്ങളുടെ വ്യക്തിബന്ധത്തെ ബാധിക്കുകയില്ല എന്നു സൂചന. വേണ്ടത്ര ആലോചനയില്ലാതെ ഞങ്ങൾ പരസ്പരം വിമർശിച്ചെന്നിരിക്കും. എന്നാൽ അതിന്റെ നീരസം ഒരിക്കലും ഞങ്ങൾ മനസ്സിൽ വച്ചു നടന്നിട്ടില്ല. അടിക്കാനും തിരിച്ചടിക്കാനും (വാക്കുകൾകൊണ്ടു മാത്രം) ഉള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ മനസ്താപപ്പെടാനും ഖേദം പ്രകടിപ്പിക്കുവാനുമുള്ള മാന്യതയും എന്റെ നേർക്കുണ്ടായിരുന്ന സ്നേഹം, സന്മനസ്സ് എന്നിവയും ആ വലിയ മനുഷ്യനിൽ എന്നെന്നും പ്രകടമായിരുന്നു. എന്നാൽ അത്തരത്തിലുള്ള വകതിരിവ് എന്റെ ഭാഗ

ത്തുനിന്ന് ഔപചാരികമായി ഉണ്ടായിട്ടില്ല. എന്നാൽ ഇതിനെല്ലാം മാപ്പു ചോദിക്കാനുള്ള അവസരം എനിക്ക് നൽകാതെ പൊടുന്നനേ അദ്ദേഹം നിത്യതയിൽ മറഞ്ഞു! ഏതായാലും മന:പൂർവ്വമല്ലാതെ എന്നിൽ നിന്നു വന്നുപോയിട്ടുള്ള മുള്ളുവാക്കുകൾ അദ്ദേഹം ക്ഷമിച്ചു. അതാണ് 'അതുവേറെ കാര്യം' എന്ന പ്രയോഗത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നത്. അതെനിക്ക് അറിയാമായിരുന്നതുകൊണ്ടാണ് ഒരു ഔപചാരിക ഖേദപ്രകടനത്തിന് ഉള്ള അവസരം നീങ്ങിപ്പോയത്.

ഞാൻ മേൽപ്പട്ടസ്ഥാനത്ത് അവരോധിക്കപ്പെട്ട് മൂന്നുമാസം കഴിഞ്ഞപ്പോൾ 1990 ആഗസ്റ്റിൽ ഡയോസിസൻ ബുള്ളറ്റിന്റെ ആദ്യലക്കം പുറത്തിറങ്ങി. കണ്ടനാട് ഭദ്രാസനത്തിന്റെ ചരിത്രത്തിലെ അത്തരത്തിലുള്ള ആദ്യസംഭവമായിരുന്നു അത്. സഭാ-ഭദ്രാസന വാർത്തകൾ, സഭാ സാമൂഹിക വിഷയങ്ങൾ സംബന്ധിച്ച ലേഖനങ്ങൾ, അനുകാലിക സംഭവങ്ങൾ സംബന്ധിച്ച ചർച്ചകൾ, സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-മത വിഷയങ്ങൾ സംബന്ധിച്ച ക്രിസ്തീയ വേദശാസ്ത്രവിചിന്തനങ്ങൾ, തിരുവചനപഠനം, എന്നിവയയായിരുന്നു പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കത്തിൽ ഉദ്ദേശിച്ചത്. എല്ലാമാസവും അത് പ്രസിദ്ധീകരിക്കുവാൻ കഴിയും എന്ന ഉറപ്പുമുണ്ടായിരുന്നില്ല. ദ്വൈമാസിക ആയിപ്പോലും പ്രസിദ്ധീകരിക്കാൻ സാധിക്കുമൊ എന്നു നിശ്ചയമില്ലായിരുന്നു. ഇഷ്ടമുള്ളപ്പോൾ മാത്രം പുറത്തിറങ്ങിയ അതിനെ 'ഇഷ്ടിക' എന്നു വിളിക്കേണ്ടിവരുമെന്ന് ആരോ നടത്തിയ കമന്റ് ഓർക്കുന്നു. ഏതായാലും അന്നു തുടങ്ങിയ ആ പ്രസിദ്ധീകരണം ദൈവകൃപയാൽ ഇന്നും തടസ്സം കൂടാതെ തുടർന്നു വരുന്നു. വരിക്കാരെകണ്ടെത്തുവാനുള്ള തീവ്രശ്രമമൊന്നും നടത്തിയിട്ടില്ലെങ്കിലും പ്രബുദ്ധമായ ഒരു അനുവാചക പറ്റം അതിനെന്നുമുണ്ട്. ഇതിന്റെ ആദ്യ ലക്കത്തിന്റെ ഒരു കോപ്പി ബാബുപോളിനും അയച്ചുകൊടുത്തു. അധികദിവസം കഴിയുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഒരു പോസ്റ്റ് കാർഡ് കിട്ടി. അതിൽ എഴുതിയിരുന്നത് "അയച്ച സാധനം കിട്ടി. നന്നായിരിക്കുന്നു. എന്നാൽ Bulletin എന്നതിന്റെ അവസാനം ആവശ്യമില്ലാത്ത ഒരു e ചേർത്തിട്ടുണ്ട്. അത് വിട്ടുകളയുക." പ്രസിദ്ധീകരണത്തെക്കുറിച്ച് ഒരു നല്ല അഭിപ്രായം ലഭിച്ചു എന്നു മാത്രമല്ല അതിന്റെ ശീർഷകത്തിൽത്തന്നെ വന്നുപോയ അക്ഷരപ്പിശക് തിരുത്താനും അവസരം കിട്ടി. ഏറെപ്പേർ മാസിക കാണുകയും വായിക്കുകയും ചെയ്തെങ്കിലും ഒരു അഭിപ്രായപ്രകടനവും ഒപ്പം തന്നെ ഒരു തിരുത്തും നടത്തുവാൻ ബാബുപോൾ മാത്രമേ സന്മനസ്സുകാണിച്ചുള്ളൂ.

ഞാൻ പട്ടമേറ്റ കാലത്ത് മലങ്കര സഭ ഭിന്നിച്ചു നിൽക്കുകയായിരുന്നു. ബാബു പോളും ഞാനും പാത്രിയർക്കീസ് പക്ഷക്കാരായിരുന്നു. 'വടക്കർ' ആയിരുന്നതുകൊണ്ടും ഇടവക-കുടുംബ സ്വാധിനം കൊണ്ടും ആ വിഭാഗത്തിന്റെ നേതൃത്വവുമായുള്ള ബന്ധം നിമിത്തവുമാണ് ആ പക്ഷത്ത് നില്ക്കാനിടവന്നത്. എന്നാൽ ഞാൻ നിന്നിരുന്ന വിഭാഗത്തോട് കടുത്ത വൈകാരിക ബന്ധമൊന്നും എനിക്കുണ്ടായിരുന്നില്ല. ബാബുപോളിനും ഉണ്ടായിരുന്നതായി എനിക്കു തോന്നിയിട്ടില്ല. പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ രണ്ടുപേരും ആ പക്ഷത്തുനിന്നിരുന്നു എന്നുമാത്രം. മത ഘടനയോട്, ഒരു വൈകാരിക ബന്ധം അപകടമാണെന്നാണ് എന്നും എനിക്കുള്ള ചിന്ത. വ്യക്തിയുടെ ചിന്താസ്വാതന്ത്ര്യത്തെ അത് പരിമിതപ്പെടുത്തുന്നു. സഭാദ്ധ്യക്ഷന്മാരോടും പരിധിവിട്ട് വിധേയത്വം കാണിക്കാനും ശ്രമിച്ചിട്ടില്ല. ആദരവ് അർഹിക്കാത്ത സഭാധികാരികളെ സ്ഥാനത്തിന്റെയും അധികാരത്തിന്റെയും പേരിൽ ചുമക്കാൻ സന്നദ്ധരായി നടക്കുന്ന അന്തസ്സും വിമർശനബുദ്ധിയും ഇല്ലാത്തവർ സഭാരംഗത്ത് ധാരാളം ഉണ്ട് എന്നത് ഒരു വസ്തുതയാണ്. ഒരു വിഭാഗത്തിന്റെ ഭാഗമായിരുന്നപ്പോഴും പിളർപ്പ് നിർഭാഗ്യകരമായിപ്പോയി എന്ന ചിന്തയാണ് ഞങ്ങൾ രണ്ടുപേർക്കും ഉണ്ടായിരുന്നത്. മാത്രമല്ല, മറുഭാഗത്തുനിന്നവരിൽ ആദരണീയവരായവരുമായി നല്ല ബന്ധം പുലർത്താനും ഞങ്ങൾ ഇരുവരും ശ്രദ്ധിച്ചിരുന്നു. ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രിഗോറിയോസ് തുടങ്ങിയ മേൽ പട്ടക്കാരോടുണ്ടായിരുന്ന ബന്ധം അങ്ങനെയുള്ളതായിരുന്നു. ബാബുപോളാകട്ടെ ഓർത്തഡോക്സ് സഭയുടെ നിരവധി പരിപാടികളുമായി 1995-ലെ കോടതിവിധിക്കു മുമ്പും സഹകരിച്ചിട്ടുള്ള വ്യക്തിയാണ്. എന്നിട്ടും അദ്ദേഹത്തിന്റെ വിയോഗവേളയിൽ സന്നിഹിതരായി യാത്രാമൊഴി ചൊല്ലുവാനോ, ഒരു അനുശോചനക്കുറിപ്പ് ഇറക്കുവാനോ ഉള്ള വകതിരിവ് ഓർത്തഡോക്സ് സഭാ നേതൃത്വത്തിലുള്ള ആരും തന്നെ കാണിച്ചില്ല. അത് നെറിവുകേടായിപ്പോയെന്നാണ് എന്റെ ചിന്ത.

അതല്ലല്ലോ വിഷയം. സാന്ദർഭികമായി ഇത്രയും പറഞ്ഞെന്നുമാത്രം. സഭയുടെ ഐക്യത്തെപ്പറ്റി ഞങ്ങൾ രണ്ടുപേരും ഏറെ സ്വപ്നങ്ങൾ കണ്ടിരുന്നു. അതുകൊണ്ട് 1990 കളുടെ ആരംഭത്തിൽ ഹൈക്കോടതിവിധിക്കു ശേഷം ആർച്ച് ബിഷപ്പ് പൗവ്വത്തിൽ,

അലക്സാണ്ടർ മാർ തോമാ, ആർച്ച് ബിഷപ്പ് ബനഡിക്ട് ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാർ സഭൈക്യത്തിനുവേണ്ടി സാധ്യത ആരാഞ്ഞപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിലെ സിനഡിനെക്കൊണ്ട് അനുകൂലമായ നിലപാടെടുപ്പിക്കുവാൻ കഴിഞ്ഞു. മധ്യസ്ഥരുമായി സംസാരിക്കുന്നതിന് ചുമതലപ്പെട്ടവർ യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയും, ബാബു പോളും ഞാനുമായിരുന്നു. ഞങ്ങൾ അവരുമായി കണ്ട് വിഷയം ചർച്ചചെയ്തു. എന്നാൽ ദേവലോകത്തുനിന്ന് ആ നീക്കത്തിന് സഹകരണം ഉണ്ടായില്ല. സുപ്രീംകോടതിയിൽ നിന്നും കേസിന്റെ വിധി വന്നിട്ടാകാം പരിഹാരശ്രമം എന്നായിരുന്നു പ്രതികരണം. സുപ്രിം കോടതിയിൽ നിന്ന് പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായ ഒരു വിധി ഉണ്ടാകാൻ സാധ്യത ഇല്ലാതിരിക്കുകയും ഓർത്തഡോക്സ് സഭ യോജിപ്പിനുള്ള നിർദ്ദേശം തള്ളുകയും ചെയ്ത ദുർഘട സാഹചര്യത്തിൽ ആശയ അടിസ്ഥാനത്തിൽ പാത്രിയാർക്കീസ് വിഭാഗത്തെ പുനർസംഘടിപ്പിക്കുവാനുള്ള തന്ത്രത്തിന്റെ ഭാഗമായിട്ടാണ് 'ഇത് വിശ്വാസത്തിന്റെ കാര്യം' എന്ന ഗ്രന്ഥ രചനയിലൂടെ ഞാൻ ശ്രമം നടത്തിയത്. പാത്രിയർക്കീസ് പക്ഷക്കാരുടെ പ്രാമാണികഗ്രന്ഥം ഉണ്ടായത് ഇങ്ങനെയാണ്. അത് പാത്രിയർക്കീസ് ക ക്ഷിക്ക് ആശയ അടിത്തറ ഉണ്ടാക്കാനും അതിന്റെ നിലനിൽപിനും വേണ്ടി ചെയ്ത ഒരു ഗ്രന്ഥ രചനയായിരുന്നു. വി. സി. സാമുവൽ അച്ചനെക്കൊണ്ട് അതിന് മറുപടി എഴുതിച്ചെങ്കിലും ഇതിനെ ഫലപ്രദമായി പ്രതിരോധിക്കുവാൻ ഓർത്തഡോക്സ് പക്ഷത്തിനു കഴിഞ്ഞുമില്ല. ഇനി വിശ്വാസ പ്രശ്നം ഉദിക്കുന്നില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് പുതിയ രചനകൾ നിർവ്വഹിച്ചത് 1995 കോടതിവിധിയുടെ പശ്ചാത്തലത്തിലാണ്. എന്റെ ലക്ഷ്യവും ആത്മാർത്ഥതയും ഈ കൃതികളിലൂടെ തിരിച്ചറിഞ്ഞ് പിൻതുണ നൽകിയ വ്യക്തിയായിരുന്നു ബാബുപോൾ. സുപ്രീംകോടതി വിധിക്കുശേഷം സഭയുടെ ഗതി നിയന്ത്രിക്കുന്നതിൽ പങ്കുള്ള ഒരു സഭാമേലധ്യക്ഷൻ എന്ന നിലയിൽ ഞാൻ സഭയുടെ ഭാവിയെപ്രതി ധീരവും സത്യസന്ധവുമായ നിലപാട് എടുക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ ഒരു അൽമായക്കാരൻ എന്ന നിലയിൽ പരസ്യ നിലപാട് എടുക്കുവാൻ 2002-നുശേഷം അദ്ദേഹം തയ്യാറായില്ല എന്നു മാത്രം.

1995-ലെ വിധിക്കുശേഷം സഭൈക്യത്തിനനുകൂലമായി സഖാപ്രഥമൻ ബാവയെക്കൊണ്ട് കല്പന എഴുതിക്കുവാൻ പ്രേരണ നൽകിയതും അതിന്റെ നക്കൽ തയ്യാറായാക്കിയതും ബാബുപോൾ ആയിരുന്നു. എന്നാൽ ആ കല്പന പള്ളികളിൽ വായിപ്പിക്കാതെ തടഞ്ഞ അന്ത്യോഖ്യ ഭക്തനാണ് ഇന്നത്തെ ശ്രേഷ്ഠ ബാവ എന്നതാണ് ചരിത്രം. സഭയുടെ ഭാവിയെ പ്രതി പരി. പാത്രിയർക്കീസ് ബാവാ ആലോചനാപൂർവ്വം എടുത്ത തീരുമാനം അട്ടിമറിച്ച് കൂടെ നിന്നവരെ പിൽക്കാലത്ത് അവകാശ വിമുക്തരാക്കിയവർ സഭയുടെ ഭാവിയും നന്മയും കരുതി അദ്ധ്വാനിച്ച ബാബു പോളിനെ സ്വാഭാവികമായും അവഗണിച്ചു എന്നത് സത്യം.

1995-ലെ സുപ്രിം കോടതി വിധിക്കു ശേഷം ആ വിധിയും സഭാഭരണ ഘടനയും അംഗീകരിച്ച് സഭയിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം മുൻ പാത്രിയർക്കീസ് കക്ഷിയിൽ ശക്തമായി ഉണ്ടായിരുന്നു. ഒരു പാത്രിയർക്കീസ്, ഒരു കാതോലിക്ക, ഒരു ഭരണ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ ഐക്യം ഉണ്ടാകണമെന്ന് ശക്തമായി ബാബുപോൾ ഉൾപ്പെടെ പാത്രിയർക്കീസ് നേതൃത്വത്തിലെ ഗണ്യമായ വിഭാഗം ആഗ്രഹിച്ചെങ്കിലും അവർക്ക് മാർ ദിവന്നാസിയോസിന്റെ നേതൃത്വത്തിൽ അരങ്ങേറിയ വിഘടിത മുന്നേറ്റത്തെ തടയാനായില്ല. ആ മുന്നേറ്റമാണ് പാത്രിയർക്കീസ് വിഭാഗത്തിലെ ഇന്നത്തെ അന്തഃഛിദ്രത്തിനും നിയമപരമായ നിലനില്പില്ലായ്മയ്ക്കും പ്രധാന കാരണമായത്. തീർച്ചയായും സ്ഥിതിഗതികൾ ഇന്നത്തെ നിലയിൽ എത്തിച്ച് ഐക്യപ്രക്രിയയെ തകർത്തതിൽ ഓർത്തഡോക്സ് സഭയിലെ ചിലർക്കുള്ള നിർണ്ണായക പങ്ക് മറച്ചുവയ്ക്കാനായിട്ടല്ല ഇത് പറയുന്നത്. എന്നാൽ സഭയെപ്പറ്റി ശരിയായ ധാരണയും ചിന്താശേഷിയും ഉള്ളവരെ അവഹേളിച്ച് നിഷ്ക്രിയരാക്കി സ്വന്തം താത്പര്യം വൈതാളികരെക്കൊണ്ട് ഉച്ചത്തിൽ ആക്രോശിപ്പിച്ചുകൊണ്ട് ലക്ഷ്യം നേടുന്നതിന്റെ ചിത്രമാണല്ലോ പിന്നീട് കഴിഞ്ഞ കാലങ്ങളിൽ ഇരുഭാഗങ്ങളിലും തെളിഞ്ഞത്. ബാബുപോളിനെപോലുള്ള ധാരാളം പേർക്ക് ദുഃഖഹേതുവായത് ഇരു വിഭാഗത്തിലും പെട്ട സ്വാർത്ഥമതികളായ പൗരോഹിത്യ നേതൃത്വത്തിന്റെ ഐക്യവിരുദ്ധ നിലപാടായിരുന്നു.

പാത്രിയർക്കീസ് വിഭാഗത്തിന് അംഗീകൃതവും വ്യവസ്ഥാപിതവുമായ ഒരു ഭരണഘടന ഇല്ലാതെയും നിർവ്വചിക്കപ്പെട്ട സ്ഥാന ബന്ധങ്ങൾ കൂടാതെയും കോടതി വിധി അനാദരിച്ച് നിലനിൽക്കാനാവില്ല എന്ന് തിരിച്ചറിവിലേക്ക്

സദാചാരചിന്ത

ഉതവിയുടെ മാഹാത്മ്യം

മോയിൻ ഖാസി

തിരികെ സഹായിക്കാൻ കഴിവില്ലാത്ത ആർക്കെങ്കിലും ഏതെങ്കിലും നല്ലകാര്യം നിങ്ങൾ ചെയ്തുകൊടുത്തിട്ടില്ലെങ്കിൽ ഇന്നോളം നിങ്ങൾ യഥാർത്ഥത്തിൽ ജീവിച്ചിട്ടില്ല. ജോൺ ബന്യന്റെ പ്രസിദ്ധമായ വാക്കുകളാണ് ഇവ.

മറ്റുള്ളവരെ സഹായിക്കുക എന്നത് നമ്മുടെ ജീവിതത്തെ കൂടുതൽ സന്തോഷകരവും അർത്ഥവത്തും ആക്കിത്തീർക്കുന്നു. ഈ ചിന്ത നമുക്കിടയിൽ സഹസ്രാബ്ദങ്ങളായി പ്രചാരമുള്ളതാണ്. സ്നേഹിക്കപ്പെടുന്നതിനെക്കാൾ മറ്റുള്ളവരെ സ്നേഹിക്കുന്നത് നമ്മുടെ ജീവിതത്തിൽ കൂടുതൽ സന്തോഷവും സാഫല്യവും നേടാൻ സഹായകമാണെന്ന് യവനചിന്തകനായ അരിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. മറ്റനേകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി ലോകത്തെമ്പാടുമുള്ള ഉദാരമതികളായ ആളുകൾ ചെയ്തുകൊണ്ടിരുന്ന സത്പ്രവൃത്തികൾ ഈ വസ്തുത തെളിയിക്കുന്നു. പ്രത്യുപകാരം അസാധ്യമായ പാവങ്ങൾക്കായി ചെയ്യപ്പെടുന്ന പരസ്യപ്പെടുത്താത്ത സത്കർമ്മങ്ങളാണ് ഏറ്റവും മഹനീയമായ പുണ്യപ്രവൃത്തികൾക്ക് മാതൃക. എല്ലാ മതങ്ങളും അതിനെ പ്രോത്സാഹിപ്പിക്കുന്നു. ഔദാര്യമനസ്കത, നിസ്വാർത്ഥത, ത്യാഗം, ദയ എന്നിവയെല്ലാം അത്തരം സദ്ഗുണങ്ങളിൽപ്പെടുന്നു. മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള സ്വഭാവവിശേഷമാണ് യഥാർത്ഥ ജീവന കല (art of living) ഔദാര്യമനസ്കത പ്രകടമാക്കുവാൻ വൈകിപ്പോയെന്ന് ആരും കുണ്ഠിതപ്പെടേണ്ടതില്ല. ഉതവിയെ (charity) ജീവിതലക്ഷ്യമായി കാണുക, അതിന്റെ നേർക്ക് പിച്ചവയ്ക്കുക, പിന്നെ നടന്നു നീങ്ങുക. അതേവേണ്ടു ജീവിത സുഖത്തിന്.

നാണയ കുംഭങ്ങൾ നിങ്ങളെ സന്തുഷ്ടരാക്കുമെന്ന് ധരിക്കേണ്ട.

സഭാംഗങ്ങൾ വരുവാൻ സഭാനേതൃത്വത്തിലെ അട്ടിമറിക്കാർ അനുവദിച്ചില്ല. സഭൈക്യം മലങ്കര സഭയുടെ ആവശ്യവും പാത്രിയർ ക്കീസ് വിഭാഗത്തിന്റെ നിലനിൽപിന് അനിവാര്യവുമാണെന്ന് തിരിച്ചറിയാൻ മനസ്സുവയ്ക്കാതെ മനുഷ്യന്റെ വികാരത്തെ ചൂഷണം ചെയ്ത് ഭിന്നിപ്പിക്കുകയാണല്ലോ പാത്രിയർക്കീസ് കക്ഷി നേതൃത്വം ചെയ്തു വരുന്നത്. ഈ നീക്കത്തിനു മുമ്പിൽ കാഴ്ചക്കാരനായി നില്ക്കാനേ ബാബുപോളിന്, 'അവഗണിക്കപ്പെട്ട ഒരു പാത്രിയർക്കീസ് പക്ഷക്കാരൻ' എന്ന നിലയിൽ സാധിച്ചുള്ളൂ വിഭാഗീയ സംവിധാനം സഭാധികാരികൾ കെട്ടിപ്പടുക്കുന്നതുകാണുമ്പോൾ തങ്ങളുടെ അടിസ്ഥാനനിയോഗങ്ങൾക്കും സുവിശേഷതാത്പര്യങ്ങൾക്കും വിലനൽകുന്നവർക്ക് അന്തം വിട്ടുനിൽക്കാനേ സാധിക്കുമായിരുന്നുള്ളൂ. ഈ സ്ഥിതി ഇന്നും തുടരുന്നു. തന്റെ സഭയെ സംബന്ധിച്ച മനോഭാരം പങ്കിടാൻ പറ്റാത്ത അവസ്ഥയിൽ ബാബുപോൾ എത്തിച്ചേർന്നു. ഇത് ഏല്പിച്ച ആഘാതത്തിൽ നിന്ന് അദ്ദേഹത്തിന് മോചനം പ്രാപിക്കാൻ ജീവിതാന്ത്യം വരെ സാധിച്ചില്ല എന്നാണ് ഞാൻ കരുതുന്നത്. യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ രൂപപ്പെടൽ ഞങ്ങൾ രണ്ടുപേരെയും സംബന്ധിച്ച് വേദന സൃഷ്ടിച്ച സംഭവമായിരുന്നു. സഭയെ ശാശ്വതമായി ഭിന്നിപ്പിക്കുവാനുള്ള തന്ത്രത്തിന്റെ പരീക്ഷണമായിരുന്നു അത്. സഭാതർക്കങ്ങൾക്ക് പൂർണ്ണമായ നിയമപരിഹാരം ഉണ്ടായപ്പോൾ സന്മനസ്സുകാണിച്ച് സ്വാർത്ഥലക്ഷ്യങ്ങൾക്ക് വിധേയപ്പെടാതെ ഇരു ഭാഗത്തുമുള്ളവർ സഭയുടെ മൗലിക താത്പര്യങ്ങളും മൂലവിളിയും തിരിച്ചറിഞ്ഞ് ഐക്യത്തിനു ശ്രമിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. 2002 നുശേഷം പ്രത്യേക സാഹചര്യങ്ങളിൽ ഭിന്നചേരികളിൽ നിൽക്കേണ്ടിവന്ന ഞങ്ങൾ രണ്ടുപേരും സഭയുടെ ഭാവി സംബന്ധിച്ച ദു:ഖത്തിൽ കൂട്ടായ്മ ആചരിക്കുകയായിരുന്നു. എങ്കിലും നിരാശരാകാതെ സഭയുടെ ഐക്യവും സാക്ഷ്യവും സ്വപ്നം കണ്ട് അത് സാക്ഷാത്കരിക്കുന്നതിനുള്ള അന്വേഷണവുമായി രണ്ടിടത്തായി ഞങ്ങൾ കഴിഞ്ഞുവരവെയായിരുന്നു അദ്ദേഹത്തിന്റെ ആകസ്മിക വിയോഗം. *(തുടരും)*

സസ്നേഹം,

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

മെത്രാപ്പോലീത്തായുടെ കത്ത്

ഡോ. ഡി. ബാബു പോൾ: ചില മായാത്ത ഓർമ്മകൾ

(തുടർച്ച)

സഭാവിഷയങ്ങൾ വൈകാരികതലത്തിൽ കൈകാര്യം ചെയ്യുവാൻ ബാബുപോൾ ഒരുക്കമായിരുന്നില്ല. അതുകൊണ്ട് പാത്രിയർക്കീസ് വിഭാഗത്തിൽ നിലകൊണ്ടപ്പോഴും ആ പക്ഷത്തിന്റെ നടപടികൾ അതേപടി അംഗീകരിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഈ സ്വാതന്ത്ര്യബോധം പാത്രിയർക്കീസ് വിഭാഗത്തെ അദ്ദേഹത്തിൽ നിന്ന് അകറ്റി. ആ കക്ഷിയിലെ ചില ഞരമ്പുരോഗികളായ കൊച്ചുമെത്രാച്ചന്മാർ അദ്ദേഹത്തിന്റെ നിലയും വിലയും മനസ്സിലാക്കാതെ അദ്ദേഹത്തെ പരസ്യമായി തന്നെ പുലഭ്യം പറഞ്ഞതും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവേകവും പക്വതയും ഇല്ലാത്ത സഭാദ്ധ്യക്ഷൻമാർ സഭയുടെ ഗതി നിയന്ത്രിക്കുന്നതിന്റെ കഥയാണല്ലോ അതിന്റെ സമകാലീന ചരിത്രം തന്നെ. ബാബുപോൾ സ്വയം 'ഞാനും ഒരു പാത്രിയർക്കീസ് കക്ഷിക്കാരൻ' എന്ന് അവകാശപ്പെടുമ്പോഴും അദ്ദേഹത്തെ ഉൾക്കൊള്ളുവാൻ ആ വിഭാഗത്തിന് കഴിഞ്ഞില്ല. വിഭജിച്ച് തമ്മിലടിക്കുമ്പോൾ മാന്യതയും സഭയുടെ വിളിയും മറന്നവർ ആണല്ലോ അതിന്റെ അമരത്തുള്ളവർ. അവർക്ക് അദ്ദേഹത്തെപ്പോലുള്ളവരുടെ സേവനം ആവശ്യമായി വരുമ്പോഴും അല്ലെങ്കിൽ അതില്ലാതെ കാര്യം നടക്കില്ല എന്ന പ്രതിസന്ധി സംജാതമാകുമ്പോഴും മാത്രം അദ്ദേഹത്തെ സമീപിക്കും. ഇടുങ്ങിയ കക്ഷിതാത്പര്യങ്ങൾക്കുപരി സഭയുടെ വിശാലതാത്പര്യങ്ങൾക്ക് വിലകൊടുക്കുന്നവർക്ക് സഭയിൽ അനുഭവിക്കേണ്ടിവരുന്ന ദുർഗ്ഗതി അദ്ദേഹത്തിനുമുണ്ടായി എന്നു മാത്രം. കക്ഷി ഏതായാലും മതഭ്രാന്തന്മാർക്ക് ആധിപത്യമുള്ള സംവിധാനങ്ങളിൽ ഇത് സാധാരണ സംഭവിക്കുന്ന കാര്യമാണ്. അതുകൊണ്ട് സ്വതന്ത്രബുദ്ധിയുള്ളവർ എന്നും ഭള്ളുകേൾക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്ന് ചിന്തിച്ചാൽ മതി.

എന്നാൽ ഇത്തരം വിമർശനങ്ങളോടും പെരുമാറ്റങ്ങളോടും ബാബുപോളിന്റെ പ്രതികരണം എപ്പോഴും നർമ്മമാണ്. നിർദോഷമായ ഹാസ്യം. തന്നെ കുത്തിനോവിക്കുന്നവരേയും തന്റെമേൽ ആഭാസവർഷം ചൊരിയുന്നവരേയും കടന്നാക്രമിക്കുവാൻ അദ്ദേഹത്തിന്റെ സംസ്കാരം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ നർമ്മത്തിന്റെ മർമ്മം വിവരദോഷികൾക്ക് മനസ്സിലാകുമായിരുന്നില്ല എന്നുമാത്രം. അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ഒരു വീഡിയോ പ്രഭാഷണം കേൾക്കുവാൻ എനിക്കവസരം കിട്ടി. അതിൽ സഭയും സഭാനേതാക്കളും പൊതുസമൂഹത്തിൽ വിമർശന വിധേയരാകുന്നതിനെപ്പറ്റി അദ്ദേഹം വിലപിക്കുന്നു. ഇത്തരത്തിലുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമായിരിക്കാം. ഒരു പക്ഷേ അവ കഴമ്പുള്ളതാകാനും മതി. എന്നാൽ അദ്ദേഹം സഭയേയും അതിലെ നേതാക്കളേയും വെള്ളപൂശാനോ, പ്രതിസ്ഥാനത്ത് നിർത്താനോ ശ്രമിക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ അവർ കരുതലോടെ ജീവിക്കുകയും സംസാരിക്കുകയും ചെയ്യുന്നില്ല എങ്കിൽ അപവാദപ്രചാരണം സ്വാഭാവികമായി ഉണ്ടാകും എന്നും ജനങ്ങൾ ഇവ ശ്രദ്ധിക്കുന്നുണ്ട് എന്നും അദ്ദേഹം അവരെ ഓർമ്മിപ്പിക്കുന്നു. ജനങ്ങളുടെ ജീവിത രീതിക്ക് സമീപകാലത്ത് സംഭവിച്ചിരിക്കുന്ന അവഭ്രംശം സഭാനേതാക്കന്മാർ സ്വയം മനസ്സിലാക്കി സഭയുടെ അന്തസ്സ് കാക്കണം എന്നാണ് നർമ്മശൈലിയിൽ അദ്ദേഹം മുന്നറിയിപ്പ് നൽകുന്നത്. സംശയത്തിന്റെ നിഴൽ സൃഷ്ടിക്കാതെ പറയാനുള്ളത് അദ്ദേഹം പറയുന്നു. അതായത് സഭാനേതാക്കൾ സഭയെ പ്രതിയെങ്കിലും ആത്മവിമർശനത്തിന് തയ്യാറായില്ലെങ്കിൽ സഭയായിരിക്കും അവഹേളിതയാകുന്നത് എന്ന് അവർ തിരിച്ചറിഞ്ഞാൽ നന്ന് എന്ന് നർമ്മരസത്തോടെ അദ്ദേഹം സൂചിപ്പിക്കുന്നു. ഇവിടെ സഭാനേതാക്കന്മാരെ വിമർശിക്കുവാൻ ശ്രമിക്കാതെ ഗുപ്തമായ നർമ്മ ശൈലിയിലൂടെ അദ്ദേഹം മേൽപറഞ്ഞ കാര്യം ആരോപിതരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ബാബുപോൾ ചീഫ് സെക്രട്ടറിസ്ഥാനത്ത് നിയമിതനായേക്കും എന്ന വാർത്ത പരന്ന ഘട്ടത്തിൽ അതിനെതിരെ സർക്കാരിന് കത്തയച്ചത് പാത്രിയർക്കീസ് കക്ഷി നേതാക്കൾ തന്നെ ആയിരുന്നു എന്ന് അദ്ദേഹം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ അയോഗ്യതാപട്ടിക നിരത്തി അദ്ദേഹത്തെ ആ സ്ഥാനത്ത് നിയമിക്കരുത് എന്ന ഉള്ളടക്കത്തോടുകൂടിയ ഇംഗ്ലീഷ് ഭാഷയിലുള്ള കത്തായിരുന്നു അത്. ആ പരാതി വായിക്കുന്നതിനുള്ള അവ

സരം ബാബുപോളിന് കിട്ടി. ശൈലി-വ്യാകരണ പിശകുകൾ നിറഞ്ഞ ആ കത്തിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "അത് അയയ്ക്കുന്നതിന് മുമ്പ് എന്നെ ഒന്ന് കാണിച്ചിരുന്നെങ്കിൽ ഞാനത് തിരുത്തികൊടുക്കുമായിരുന്നു. ഈ എഴുത്തു വായിച്ച മന്ത്രിക്ക് എന്റെ സഭയുടെ നേതൃത്വത്തിന്റെ നിലവാരത്തെപ്പറ്റി എന്ത് ധാരണയാണ് ഉണ്ടായിക്കാണുക! സഭയുടെ മാനത്തെ പ്രതി ഞാനത് ശുദ്ധമായ ഇംഗ്ലീഷ് ഭാഷയിലാക്കിക്കൊടുക്കുമായിരുന്നു." തനിക്കെതിരെ പരാതി കൊടുത്തതിൽ ബാബുപോളിന് പരാതിയില്ല. അദ്ദേഹം ആരാണെന്ന് സർക്കാരിനറിയാമായിരുന്നു. എന്നാൽ നേതാക്കന്മാർ പൊട്ട ഇംഗ്ലീഷിൽ പരാതി എഴുതി സഭയെ അപമാനിച്ചതിലായിരുന്നു അദ്ദേഹത്തിന്റെ ദു:ഖം: ഇതാണ് ബാബുപോളിന്റെ നർമ്മത്തിന്റെ സവിശേഷത. ഇതു പറഞ്ഞ് അദ്ദേഹം ഊറിച്ചിരിച്ചത് ഇന്നും എന്റെ ഓർമ്മയിൽ നിന്ന് മാഞ്ഞിട്ടില്ല.

മൂവാറ്റുപുഴയിലെ ശ്രേഷ്ഠ ബാവ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ അക്ഷോഭ്യതയും നന്മയും വെളിപ്പെടുത്തുന്നതിന് ബാബു പോൾ പറഞ്ഞ ഒരു കമന്റ് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയതാണ്. "വാല്യക്കാരന് വാലുമുളച്ചപ്പോഴും അതു കണ്ട് ആസ്വദിച്ച ആളാണ് ശ്രേഷ്ഠ ബാവ" എന്നായിരുന്നു പ്രയോഗം. തന്റെ വാല്യക്കാരന് മെത്രാൻ പദവി കിട്ടിയതു പോലും ശ്രേഷ്ഠ കാതോലിക്ക പൗലോസ് ദ്വിതീയൻ ബാവയെ അലോസരപ്പെടുത്തിയില്ല. അത്ര നല്ല മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. എന്ന് പറയാനാണ് ബാബുപോൾ ഉദ്ദേശിച്ചത്. അല്ലാതെ വാലുമുളച്ച വാല്യക്കാരനെ പരിഹസിക്കുകയായിരുന്നില്ല അദ്ദേഹത്തിന്റെ നർമ്മപ്രയോഗത്തിന്റെ ലക്ഷ്യം. വാല്യക്കാരന് സ്ഥാനം കിട്ടിയത് ബാവയുടെ സ്വൈര്യം കെടുത്തിയില്ല. അദ്ദേഹം വാലുകണ്ട് ആസ്വദിച്ചത്രെ.! അത്രമാത്രം അക്ഷോഭ്യതയും സൗമനസ്യവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നു പറയുവാനേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ. തന്റെ കൂടെ വാല്യക്കാരനായി വന്ന് മെത്രാനായപ്പോൾ തന്നെ പീഡിപ്പിക്കുന്നതിൽ ഹരം കണ്ടെത്തിയ വ്യക്തിയുടെ സമീപനം ആസ്വദിച്ച ബാവയുടെ ശ്രേഷ്ഠത ഇത്രയും ഭംഗിയായി അവതരിപ്പിക്കുവാൻ കഴിയുന്നത് ബാബുപോളിന്റെ മാത്രം സിദ്ധിയാണ്. വ്യക്തിപരമായി ആരേയും അദ്ദേഹം പരിഹസിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. തീർച്ചയായും അദ്ദേഹത്തിന്റെ നർമ്മത്തിൽ ഒരു ഉദാത്തമായ നിഗൂഢത (subtility) ഉണ്ട് എന്നത് സത്യമാണ്. അത് ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്യുന്നു.

മലങ്കരസഭയിൽ നിർഭാഗ്യവശാൽ 1970-ൽ വീണ്ടും പിളർപ്പ് ഉണ്ടായപ്പോൾ അതിൽ ഏറെ വേദനിച്ച ഒരാളായിരുന്നു ബാബു പോൾ. സ്വന്തം സഭയിലെ ഭിന്നത എന്ന നിലയിൽ മാത്രമായിരുന്നില്ല ഈ ദു:ഖം. 1958 നു ശേഷം യോജിച്ച സഭയിലെ നേതൃത്വത്തിലും അല്ലാതെയുമുള്ള നിരവധി വ്യക്തികളുമായി അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പം നിലനിൽക്കെയാണ് ഇത്തരം ഒരു ഭിന്നത സഭയിൽ ഉടലെടുത്തത്. പാത്രിയർക്കീസ് വിഭാഗത്തിൽ നിൽക്കുകയും അതിന്റെ നിലനിൽപ്പിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്തപ്പോഴും വിഭാഗ സീമകൾക്ക് അതീതമായ ബന്ധങ്ങൾ അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. അതുകൊണ്ട് സഭയിലെ വിളർപ്പ് അദ്ദേഹത്തിന് ഒരു സ്വകാര്യ ദു:ഖം കൂടിയായിരുന്നു. പാത്രിയർക്കീസ് വിഭാഗത്തെ അതിന്റെ പ്രാരംഭകാലത്ത് അദ്ദേഹം ഏറെ സഹായിച്ചു. എന്നിട്ടും അതിന്റെ നന്ദി അവർക്ക് ഒരിക്കലും ഉണ്ടായിരുന്നില്ല. തലസ്ഥാന നഗരിയിൽ മേൽവിലാസവും ശ്രദ്ധേയമായ ഒരു സ്ഥാനത്ത് മനോഹരമായ ഒരു പള്ളിയും സൃഷ്ടിച്ചത് അദ്ദേഹത്തിന്റെ പരിശ്രമ ഫലമായിട്ടായിരുന്നു. പാത്രിയർക്കീസ്മാരുടെ ഓരോ സന്ദർശനവും ഒരു സംഭവമായി മാറ്റിയതിൽ നിർണ്ണായക പങ്ക് വഹിച്ചതും അദ്ദേഹം തന്നെയായിരുന്നു. എന്നാൽ ഒരു വർഷം മുമ്പ് പാത്രിയർക്കീസ് ബാവ തിരുവനന്തപുരത്ത് വരികയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖന്മാരെ സന്ദർശിക്കുകയും ചെയ്തപ്പോൾ ആ കൂട്ടത്തിൽ ബാബുപോളിനെ കൂടി ക്ഷണിക്കുവാനോ, കാണുവാൻ അവസരം ഉണ്ടാക്കുവാനോ പോലും സഭാനേതാക്കന്മാർ ആരും ശ്രദ്ധിച്ചില്ല. നിസ്തുലമായ സഭാസേവനം നടത്തിയ സഭയുടെ വിശ്വസ്തപുത്രന് ഉണ്ടായ അവഗണന. ഈ നൊമ്പരം ഒരു ടെലിഫോൺ സംഭാഷണത്തിൽ അദ്ദേഹം ഞാനുമായി പങ്കുവയ്ക്കുകയുണ്ടായി.

1995-ലെ സുപ്രീം കോടതി വിധി സഭയിൽ ഐക്യം സ്ഥാപിക്കുവാൻ ദൈവം കനിഞ്ഞുനൽകിയ ദാനമായിരുന്നു എന്നും ആ അവസരം മുൻ പാത്രിയർക്കീസ് കക്ഷിയിലെ സ്വാർത്ഥമതികൾ ദുരുപയോഗപ്പെടുത്തിയെന്നും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഈ അഭിപ്രായം നേതാക്കന്മാർക്ക് സുഖിക്കുന്നതായിരുന്നില്ല എന്നതും ഒരു വസ്തുതയായിരുന്നു. 1998-ൽ പാത്രിയർക്കീസ് ബാവയെ കാണാൻ കൊച്ചി വിമാനത്താവളത്തിലെത്തിയ മുൻ കേന്ദ്രമന്ത്രി എ. എം. തോമസിന് പാത്രിയർക്കീസ് വിഭാഗം തീവ്ര

വാദികളിൽ നിന്ന് ഉണ്ടായ തിക്താനുഭവത്തിനും കാരണം അദ്ദേഹം സഭൈക്യത്തോടുകാണിച്ച ആഭിമുഖ്യം തന്നെ. നേതാക്കന്മാരുടെ സ്വാർത്ഥതയ്ക്ക് പിൻതുണ നൽകുകയാണല്ലോ അംഗീകാരത്തിന്റെ മാനദണ്ഡം. 1995-ലെ സുപ്രീം കോടതി വിധിയും തുടർന്ന് സഭാഭരണഘടനയിൽ വരുത്തിയ നീതിപൂർവ്വമായ മാറ്റങ്ങളും ഭരണഘടനയുടെ ജനകീയ വൽകരണവും വഴി സഭയുടെ ഐക്യത്തിന് അടിസ്ഥാനമുണ്ടായി എന്ന് ബാബുപോൾ ദൃഢമായി വിശ്വസിച്ചിരുന്നു. ഇരു വിഭാഗങ്ങൾക്കും നീതി ലഭിച്ച വിധിയായിരുന്നു അത്. ഒരു ഭരണഘടന, ഒരു കാതോലിക്ക, ഒരു പാത്രിയർക്കീസ് എന്ന കോടതിയുടെ ആശയം അദ്ദേഹം സർവ്വാത്മനാ സ്വാഗതം ചെയ്തിരുന്നു. അതിൻപ്രകാരം ഐക്യം നടത്താതെ പോയതിൽ ഏറ്റവും അധികം ദു:ഖിച്ച മനുഷ്യനായിരുന്നു അദ്ദേഹം.

പാത്രിയർക്കീസ് പക്ഷത്തെ സ്വാർത്ഥരായ നേതാക്കന്മാർ സഭയിൽ ബദൽ സംവിധാനം സൃഷ്ടിച്ചപ്പോൾ ഓർത്തഡോക്സ് സഭയുമായി സഹകരിക്കാൻ ഒരു സമയത്ത് അദ്ദേഹം ഗൗരവമായി ആലോചിച്ചിരുന്നു. 2002-ൽ മലങ്കര അസോസിയേഷൻ ചേർന്ന് സഭാഭരണ സംവിധാനം ഉണ്ടാക്കിയപ്പോൾ അതിൽ ഏതെങ്കിലും ഒരു സ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറാകുമോ എന്ന് ഞാൻ ആരാഞ്ഞിരുന്നു. സഭാ ട്രസ്റ്റി ആകുന്നതിനൊന്നും താത്പര്യമില്ല എന്നും വർക്കിംഗ് കമ്മിറ്റിയിൽ പ്രവർത്തിക്കുന്നതിനെപ്പറ്റി ആലോചിക്കാമെന്നും അദ്ദേഹം സമ്മതിച്ചു. ഞാൻ അതു സംബന്ധിച്ച് മാത്യൂസ് ദ്വിതിയൻ ബാവയോടു സംസാരിച്ചു. "ബാബു വർക്കിംഗ് കമ്മിറ്റിയിൽ വരുന്നെങ്കിൽ എനിക്ക് ഏറ്റവും സന്തോഷം" എന്നായിരുന്നു ബാവയുടെ പ്രതികരണം. എന്നാൽ തങ്ങളെക്കാൾ വലിയവൻ ആ സമിതിയിൽ വരുന്നതിൽ താത്പര്യമില്ലാത്തവർ ബാവയുടെ നിർദ്ദേശത്തെ വെട്ടി. പിന്നീട് ബാവയോട് എന്താണ് അക്കാര്യത്തിൽ സംഭവിച്ചതെന്ന് ചോദിച്ചപ്പോൾ അർത്ഥഗർഭമായ മൗനവും പുഞ്ചിരിയും ആയിരുന്നു മറുപടി. 2002-ൽ അസോസിയേഷൻ കഴിഞ്ഞ് തിരുവനന്തപുരം ഭദ്രാസനം ഏറ്റെടുക്കുന്നോ എന്ന് ബാബുപോൾ എന്നോട് ചോദിച്ചു. ഇല്ല, കണ്ടനാട് ഭദ്രാസനത്തിന്റെ അന്നത്തെ അവസ്ഥയിൽ ഭദ്രാസനം മാറാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം എന്തുകൊണ്ടാണ് എന്നോട് അങ്ങനെ ചോദിച്ചത് എന്നാരാഞ്ഞപ്പോൾ "തിരുമേനി ഇങ്ങോട്ട് പോരുന്നെങ്കിൽ അതിന്റെ മറവിൽ എന്റെ ഇടവക മെമ്പർഷിപ്പ് സെന്റ് ജോർജ് പള്ളിയിലേക്ക് മാറ്റാം എന്നു ചിന്തിച്ചു. വെറുതെ എങ്ങനെയാണ് ഇടവക മാറുന്നത്.? തിരുമേനി ഇങ്ങോട്ടു വരുന്നെങ്കിൽ ആ ന്യായം പറഞ്ഞ് അങ്ങനെ ചെയ്യാമായിരുന്നു" എന്ന് അദ്ദേഹം പറഞ്ഞു. സഭാസ്നേഹിയായ ഒരു വലിയ മനുഷ്യനെ ഉൾക്കൊള്ളാനുള്ള സന്മനസ്സും, ഹൃദയവിശാലതയും ഓർത്തഡോക്സുകാരും കാണിച്ചില്ല. അതുകൊണ്ടാണ് പിന്നീട് അദ്ദേഹം പറഞ്ഞത് "ഞാനൊരു അൽമായക്കാരൻ. എവിടെ നിൽക്കാനും സ്വാതന്ത്ര്യമുണ്ട്. എവിടെ നിന്നാലും വ്യത്യാസവുമില്ല. തിരുമേനി എടുത്ത നിലപാടിൽ മുൻപോട്ട് പോകുക. അതാണ് ശരി." അങ്ങനെ അദ്ദേഹം സാഹചര്യം കൊണ്ട് പാത്രിയർക്കീസ് പാളയത്തിൽ നിലകൊണ്ടു. ഞാൻ സഭയുടെ ഭാവിയെക്കരുതി ഐക്യപ്രക്രിയയിൽ പങ്കുചേരുകയും ചെയ്തു.

കണ്ടനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട എല്ലാ സംരംഭങ്ങളിലും പിന്തുണ നൽകാനുള്ള സ്നേഹവും സന്മനസ്സും അദ്ദേഹം എന്നും പ്രദർശിപ്പിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. സഭയിൽ സുവിശേഷത്തിന്റെ സ്വാധീനത്തിൽ പുതുജീവൻ ഉണ്ടാകണമെന്ന് ബാബുപോൾ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഈ ലക്ഷ്യം മുൻനിർത്തി കോലഞ്ചേരിയിൽ സുഖദ ധ്യാന കേന്ദ്രത്തിന് ശിലാസ്ഥാപനം നടത്തിയപ്പോഴും പണിതീർത്ത് സമർപ്പണ ശുശ്രൂഷ നടത്തിയപ്പോഴും അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതുപോലെ 'സമന്വയ'യുടെ ഉദ്ഘാടന ചടങ്ങിലും അദ്ദേഹം വിശിഷ്ടാതിഥികളോടൊപ്പം സന്നിഹിതനായിരുന്നു. നട്ടെല്ലിന് ക്ഷതമേറ്റവരുടെ പരിശീലന-പുനരധിവാസകേന്ദ്ര (സ്വാശ്രയ)ത്തിന്റെ ശിലാസ്ഥാപന-ഉദ്ഘാടന വേളകളിലും അദ്ദേഹം പങ്കെടുത്തു. എന്നോടുള്ള വ്യക്തിപരമായ അടുപ്പവും ഈ ഭദ്രാസനം ആരംഭിച്ചിട്ടുള്ള പ്രസ്ഥാനങ്ങളോടുള്ള താല്പര്യവുമായിരുന്നു അദ്ദേ

അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.
ആയുഷ്ക്കാലം - 1000 രൂ.
വിദേശത്ത് - 6000 രൂ.

ഹത്തിന്റെ ഈ സഹകരണത്തിന് കാരണമായിരുന്നിട്ടുള്ളത്. അതുപോലെ തന്നെ സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സമന്വയയിൽ വച്ച് നടന്ന ഗ്ലോബൽ ഓർത്തഡോക്സ് സൈക്കോതെറാപ്പിസ്റ്റ് കോൺഫറൻസിലും അദ്ദേഹം പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഇവിടെ നടന്നുവന്നിരുന്ന എല്ലാ വികസന-ജീവകാരുണ്യ-ആത്മീക പ്രവർത്തനങ്ങളിലും ബാബുപോളിന്റെ പ്രാർത്ഥനയും സഹായസഹകരണങ്ങളും ഉണ്ടായിരുന്നു എന്നത് തികഞ്ഞ കൃതജ്ഞതയോടെ ഓർക്കുന്നു. സമന്വയയിൽ വച്ച് നടന്ന ഒരു എക്യുമെനിക്കൽ സെമിനാറിൽ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിക്കുവാൻ യാത്ര തിരിച്ച അദ്ദേഹത്തിന് പാത്രിയർക്കീസ് കക്ഷിക്കാരുടെ ഭീഷണിമൂലം തിരികെ പോകേണ്ടതായി വന്നു എന്നതും വിസ്മരിക്കുന്നില്ല.

എന്റെ എപ്പിസ്കോപ്പൽ രജത ജൂബിലിയോടനുബന്ധിച്ച് ഡയോസിസൻ ബുള്ളറ്റിൻ ഒരു വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഞാൻ വ്യക്തിപരമായി ശ്രദ്ധിച്ചിരുന്നില്ല. ബാബുപോളിനോട് അതിലേക്ക് ഒരു ലേഖനം ചോദിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കാതെ പോയി. എന്നിട്ടും അദ്ദേഹം ആയിടയ്ക്ക് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ ഒരദ്ധ്യായം എന്റെ എപ്പിസ്കോപ്പൽ രജത ജൂബിലിയുടെ സ്മരണിക ആക്കാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ മരണശേഷം തന്റെ ബന്ധുകൂടിയായ അടുത്ത കാലത്ത് ദിവംഗതനായ മണ്ണാർപ്രായിൽ അച്ചനിൽ നിന്നാണ് ആ വിവരം ഞാൻ അറിഞ്ഞത്. എന്റെ അന്വേഷണക്കുറവ് ഉണ്ടായിരുന്നിട്ടും എന്റെ ജീവിതത്തിലെ പ്രത്യേക സംഭവങ്ങൾ അറിയുകയും ശ്രദ്ധിക്കുകയും ചെയ്തു എന്നതും എന്റെ ഹൃദയത്തിൽ നന്ദി നിറയ്ക്കുന്ന ഓർമ്മയാണ്.

2017-ലെ സുപ്രിം കോടതി വിധിയെതുടർന്ന് സഭൈക്യം ലക്ഷ്യമാക്കി ഞാൻ എഴുതിയ ലേഖനങ്ങളുടെ സമാഹാരമായി ‘കോടതിവിധി വിഭജനത്തിനല്ല-ഐക്യത്തിന്’ എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധികരിച്ചു. അതിന് ആമുഖമെഴുതിത്തരാൻ സന്തോഷപൂർവ്വം അദ്ദേഹം സമയം കണ്ടെത്തി. ആ പുസ്തകത്തിന്റെ രണ്ടു കോപ്പികൾ ഞാൻ തിരുവനന്തപുരത്ത് ചെന്നപ്പോൾ അദ്ദേഹത്തെ നേരിൽ കണ്ട് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ശരീരം അല്പം സ്തൂലിച്ചും, ചലനങ്ങൾ ലേശം മന്ദിച്ചും കണ്ടത് പ്രായത്തിന്റേതായി മാത്രമേ ഞാൻ ചിന്തിച്ചുള്ളൂ. മരണം ആസന്നമായതിന്റെ സൂചനയായി ഞാൻ സംശയിച്ചതേയില്ല. ദീർഘസമയം സംസാരിച്ചു പിരിഞ്ഞു. ഈ ലോകത്തുവച്ച് ജീവനോടെ ഇനിയും കാണുകയില്ല എന്ന തോന്നലൊന്നും ആ കൂടിക്കാഴ്ചയിൽ എനിക്ക് ഉണ്ടായില്ല. എന്നാൽ ദൈവഹിതം അതല്ലായിരുന്നു. മനുഷ്യന്റെ ആയുസ്സ് ദൈവമാണല്ലോ നിർണ്ണയിക്കുന്നത്. ഈ അനുസ്മരണക്കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു. കർത്താവിന്റെ വീണ്ടും വരവിൽ തേജസിന്റെ വാടാത്ത കിരീടം സ്വീകരിക്കുവാനുള്ള സൗഭാഗ്യം ആ ദൈവദാസന് ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ശ്ലീഹാനോമ്പിന്റെ എല്ലാ അനുഗ്രഹങ്ങളും വായനക്കാർക്ക് നേരുന്നു.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

(2-ാം പേജിൽ നിന്ന് തുടർച്ച)

മറക്കാനാവില്ല. സർക്കാരിന്റെ ഏതു ആശയത്തേയും നടപടിയേയും അന്ധമായി എതിർക്കുക എന്നതുമാത്രമാണ് പ്രതിപക്ഷധർമ്മം എന്നു തോന്നിപ്പിക്കുന്നതാണ് പലപ്പൊഴും പാർലമെന്റിലേയും അസംബ്ലികളിലേയും പ്രതിപക്ഷങ്ങളുടെ പ്രകടനം എത്രയെത്ര വിലപ്പെട്ട പ്രവൃത്തി ദിനങ്ങളാണ് കവലച്ചട്ടമ്പികളെപ്പോലെ ബഹളമുണ്ടാക്കി അസംബ്ലി, പാർലമെന്റ് സാമാജികർ നഷ്ടമാക്കുന്നത്! ഇതിന്റെയൊക്കെ മറക്കാനാവാത്ത എത്രയെത്ര ടി.വി.ദൃശ്യങ്ങളാണ് അവരെയൊക്കെ വൻ പ്രതീക്ഷകളോടെ തെരഞ്ഞെടുത്തയക്കുന്ന സാധാരണക്കാരായ നമ്മുടെയൊക്കെ മനസ്സിലുള്ളത്. ഇതൊക്കെ കാട്ടിക്കൂട്ടുന്നവർക്ക് മറ്റുള്ളവരുടെ ഏതുകുറ്റകൃത്യത്തെയാണ് ആത്മാർത്ഥതയോടെ പഴിക്കാനാവുക?. നീട്ടുന്നില്ല, കൃത്യബോധമില്ലാത്ത പ്രതിപക്ഷവും സർക്കാരിന് അപഹാസ്യമായ വെല്ലുവിളിയാണ് ഉയർത്തുന്നത്.

ഏതായാലും അഭിമാനകരമായ ഭൂരിപക്ഷത്തോടെ മോദി സർക്കാർ രണ്ടാമൂഴത്തിന് തയ്യാറെടുക്കുന്നു. ഏതു വിമർശനത്തേയും അപവാദത്തെയും ആത്മാർത്ഥതയും സത്യസന്ധതയും, സ്നേഹവും വഴി അതിജീവിച്ച്, ‘ജനശബ്ദം ഈ സ്വര ശബ്ദമാണെ’ന്ന ബോധ്യത്തോടെ രാജ്യത്തെ ഒരു ക്ഷേമ രാഷ്ട്രമായി മാറ്റുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. □